"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തസ്വഭവ-മലപ്പുറം- കൊണ്ടോട്ടി നഗരസഭ കൊണ്ടോട്ടി വില്ലേജ് റീ സർവ്വേ 288/26 ലുൾപ്പെട്ട സ്ഥലത്ത് നിലവിലുള്ള ജി.എം.എൽ.പി സ്കൂൾ സ്കൂൾ കെട്ടിട നിർമ്മാണത്തിന് നിബന്ധനകളോടെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 3.സി പ്രകാരം ഇളവനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ആർബി) വകുപ്പ്**

**സ.ഉ.(സാധാ) നം.568/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 06/03/2020

---

പരാമർശം:- 1 കൊണ്ടോട്ടി ജി.എം.എൽ.പി സ്കൂൾ പി.ടി.എ/എസ്.എം.സി കമ്മിറ്റി ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിക്ക് സമർപ്പിച്ച 07.11.2017 ലെ അപേക്ഷ

2 മലപ്പുറം നഗരാസൂത്രകയുടെ 10.08.2017 ലെ എ3/1236/2017 നമ്പർ കത്ത്.

3 ചീഫ് ടൗൺ പ്ലാനറുടെ 13.10.2017 ലെ സി1-9767/2017 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിൽ കൊണ്ടോട്ടി നഗരസഭ കൊണ്ടോട്ടി വില്ലേജ് റീ സർവ്വേ നമ്പർ 288/26ലുൾപ്പെട്ട സ്ഥലത്ത് നിലവിലുള്ള എൽ.പി സ്കൂൾ കെട്ടിടത്തിൽ പുതിയതായി ഒരു നിലയും ടോയ് ലറ്റുകളും നിർമ്മിക്കുന്നതിന് കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 3 സി പ്രകാരം ഇളവനുവദിക്കണമെന്നാവശ്യപ്പെട്ട് കൊണ്ടോട്ടി ജി.എം.എൽ.പി സ്കൂൾ പി.ടി.എ/എസ്.എം.സി കമ്മിറ്റി പരാമർശം (1) പ്രകാരം ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിക്ക് അപേക്ഷ സമർപ്പിച്ചിരുന്നു.

ഇരുന്നൂറിലധികം വിദ്യാർത്ഥികൾ പഠിക്കുന്ന പ്രസ്തുത സ്കൂളിന് നിലവിൽ 7.5 സെന്റ് സ്ഥലമാണുള്ളതെന്നും നഗരമദ്ധ്യത്തിൽ സ്ഥിതി ചെയ്യുന്ന പ്രസ്തുത സ്കൂളിന് പുതിയ സ്ഥലം കിട്ടാൻ സാദ്ധ്യതയില്ലെന്നും പരാമർശ നിർമ്മാണം ചട്ടം 31,ചട്ടം 25(1) ,ചട്ടം 40എ,ചട്ടം 54, ചട്ടം 42,ചട്ടം 109 ബി എന്നിവ ലംഘിക്കുന്നതായും മലപ്പുറം നഗരാസൂത്രക റിപ്പോർട്ട് ചെയ്യുകയുണ്ടായി. എന്നാൽ നിലവിലുള്ള സർക്കാർ

സ്കൂളായതിനാലും സമീപത്തെ സാധാരണക്കാരുടെ വിദ്യാഭ്യാസത്തിനുള്ള മാർഗ്ഗമായതിനാലും പ്ലോട്ട് ഏരിയ വളരെ കുറവായതിനാലും മേൽ പറഞ്ഞ ചട്ടലംഘനങ്ങളിൽ ചട്ടം 40 എ പ്രകാരം അംഗപരിമിതർക്ക് നൽകേണ്ട സൗകര്യങ്ങൾ കെട്ടിടത്തിന് നൽകേണ്ടതാണെന്നും ചട്ടം 42 പ്രകാരം ഫയർ എസ്കേപ്പ് സ്റ്റെയർ നൽകേണ്ടതാണെന്നുമുള്ള നിബന്ധനകളോടെ ചട്ടം 3 സി പ്രകാരം ഇളവനുവദിക്കാവുന്നതാണെന്ന് പരാമർശം(2) പ്രകാരം മലപ്പുറം നഗരാസൂത്രക റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പ്രസ്തുത സ്കൂളിന് സ്ഥല ദൗർലഭ്യം അനുഭവപ്പെടുന്നതിനാൽ കെട്ടിടത്തിലെ അപര്യാപ്തതകൾ പരിഹരിക്കാൻ നിർവാഹമില്ലെന്നും ആയതിനാൽ ഒരു പ്രത്യേക കേസായി പരിഗണിച്ച് കൊണ്ട് ടി കെട്ടിടത്തിന് 3 സി പ്രകാരമുള്ള ഇളവ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് വിദ്യാഭ്യാസ വകുപ്പും ശുപാർശ ചെയ്യുകയുണ്ടായി.

പ്രസ്തുത സ്കൂൾ കെട്ടിടത്തിന് കെഎംബിആർ ചട്ടം 3 സി പ്രകാരം KMB Rule 1999(Amented till date) Rule 25(1) Minimum distance between central line of a street and building, Rule31 coverage, Rule 54(3) Open Space, Rule 109(B) Rainwater harvesting facility എന്നീ ചട്ടങ്ങളിൽ താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ഇളവനുവദിക്കാവുന്നതാണെന്ന് പരാമർശം (3 ) പ്രകാരം ചീഫ് ടൗൺ പ്ലാനർ ശുപാർശ ചെയ്തിട്ടുണ്ട്.

1) ചട്ടം 40 (എ) പ്രകാരം അംഗപരിമിതർക്ക് നൽകേണ്ട സൗകര്യങ്ങൾ ചട്ടം 42 പ്രകാരം ഫയർ എസ്കേപ്പ് സ്റ്റെയർ എന്നിവ കെട്ടിടത്തിന് ലഭ്യമാക്കിയിരിക്കണം.

2) ഫയർ ഡിപ്പാർട്ട്മെന്റിന്റെ എൻ.ഒ.സി, ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ എൻഒസി എന്നിവ ലഭ്യമാക്കിയിരിക്കണം.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രസ്തുത സ്കൂൾ കെട്ടിടത്തിന് 7.5 സെന്റ് സ്ഥലം മാത്രമേ നിലവിലുള്ളൂ. നഗരമദ്ധ്യത്തിൽ സ്ഥിതി ചെയ്യുന്ന വിദ്യാലയത്തിന് പുതിയ സ്ഥലം കിട്ടാനുള്ള സാദ്ധ്യതയില്ലാത്തതിനാൽ കെട്ടിടത്തിൽ ഒരു നില കൂടി നിർമ്മിക്കുകയല്ലാതെ മറ്റ് നിർവ്വാഹമില്ല. സ്ഥല ദൗർലഭ്യം കാരണം കെട്ടിടത്തിലെ അപര്യാപ്തകൾ പരിഹരിക്കാനും നിർവ്വാഹമില്ലാത്തതാണ്. മേൽ സാഹചര്യത്തിൽ കൊണ്ടോട്ടി നഗരസഭ കൊണ്ടോട്ടി വില്ലേജിൽ റീ സർവ്വേ നമ്പർ 288/26ലുൾപ്പെട്ട സ്ഥലത്ത് പ്രവർത്തിച്ചു വരുന്ന ജി.എം.എൽ.പി.സ്കൂൾ കെട്ടിടത്തിൽ പുതിയതായി ഒരു നിലയും ടോയ് ലറ്റുകളും നിർമ്മിക്കുന്നതിന് ചീഫ് ടൗൺ പ്ലാനറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ, മേൽപ്പറഞ്ഞ 2 നിബന്ധനകൾക്ക് വിധേയമായി, കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 3 സി പ്രകാരം ) Rule 25(1) Minimum distance between central line of a street and building, Rule31 coverage, Rule 54(3) Open Space, Rule 109(B) Rainwater harvesting facility എന്നീ ചട്ടങ്ങളിൽ

ഇളവനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ബിജു ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

പകർപ്പ്

ശ്രീ. അബ്ദുറഷീദ് എം, ചെയർമാൻ എസ്.എം.സി, ജി.എം.എൽ.പി.സ്കൂൾ, കൊണ്ടോട്ടി, ചുങ്കം, കൊണ്ടോട്ടി പി ഒ,മലപ്പുറം- 673 639.

ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.

ടൗൺ പ്ലാനർ, മലപ്പുറം

സെക്രട്ടറി, കൊണ്ടോട്ടി നഗരസഭ

പൊതുവിദ്യാഭ്യാസ(എം) വകുപ്പ്(29.08.2019 ലെ എം1/113/2018/പൊവി പ്രകാരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്),കേരള,തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ